**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 3539 21.12.2012- ൽ മറുപടിയ്ക്ക്

**ഓർഫനേജുകളുടെ പ്രവർത്തനം**

**ചോദ്യം**

**ശ്രീമതി കെ.എസ്. സലീഖ**

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഓർഫനേജുകളുടെ പ്രവർത്തനം നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാ ക്കുമോ ; | (എ) | അനാഥാലയങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിയ്ക്കുന്നതിനും വിലയിരുത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി, ഓർഫനേജ് കൺട്രോൾ ബോർഡും, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റിയും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ജുവനൈൽ ജസ്റ്റിസ് ആക്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തൊക്കെയെന്നും ആയത് എങ്ങനെ നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | (ബി) | ജുവനൈൽ ജസ്റ്റിസ് ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS). ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും സംരക്ഷണവും ഉത്തമ താൽപര്യവും സംരക്ഷിക്കപ്പെടുക എന്ന ലക്ഷ്യത്തോടെ പ്രവർത്തികമാക്കിയ പദ്ധതിയാണിത്. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് സംയോജിത ശിശു സംരക്ഷണ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും സൊസൈറ്റിയുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി ബഹു. സാമൂഹ്യനീതി വകുപ്പ് മന്ത്രി ചെയർപേഴ്സണായി ഒരു ഗവേണിംഗ് ബോഡി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണായി എക്സിക്യൂട്ടീവ് കമ്മിറ്റിയും , സ്റ്റേറ്റ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ കീഴിൽ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജില്ലാതലത്തിൽ ജില്ലാ ചൈൽഡ് സംരക്ഷണ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br>ബ്ലോക്ക് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>കൂടാതെ ദത്ത് നൽകൽ പ്രോത്സാഹിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും സ്റ്റേറ്റ് അഡോപ്ഷൻ അഡ്വൈസറി കമ്മിറ്റിയും, സ്പോൺസർഷിപ്പ് ഫോസ്റ്റർ കെയർ മേൽനോട്ടം വഹിക്കുന്നതിനായി ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ആഫീസർ ചെയർപേഴ്സണായി ജില്ലാതല അപ്രൂവൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞ കമ്മിറ്റികളിലൂടെയും സൊസൈറ്റികളിലൂടെയും ആണ്<br><br>സംയോജിത ശിശു സംരക്ഷണ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത്. |
| (സി) | ഓർഫനേജുകളിൽ അരി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പാചകവാതകം നൽകുന്ന കാര്യത്തിലും ഇതാണ് സ്ഥിതിയെന്ന് മനസ്സിലായിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) | ഓർഫനേജുകൾക്ക് ബി.പി.എൽ നിരക്കിൽ അരി, സബ്സിഡി നിരക്കിൽ ഗാർഹിക പാചകവാതകം എന്നിവ വിതരണം ചെയ്യുന്നതിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇക്കാര്യം പരിഹരിക്കുന്നതിനായി 10.12.2012 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന സംസ്ഥാനതല അവലോകനയോഗത്തിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ഡി) | ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (ഡി) | ഓർഫനേജുകളുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഓർഫനേജുകളിലെ care, protection, treatment, training എന്നീ കാര്യങ്ങൾ കാലാനുസൃതമായി പരിഷ്കരിയ്ക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള റെഗുലേഷൻ പരിഷ്കരിയ്ക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.<br>അനാഥാലയങ്ങളിലെ അന്തേവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് താഴെ കാണുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | i. ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ ബി.പി.എൽ. കാറ്റഗറിയിൽപ്പെടുത്തിയിട്ടുണ്ട്.<br>ii. സ്ഥാപനങ്ങൾക്ക് ബോർഡിംഗ് ചാർജ്ജ് ഇനത്തിൽ ചെലവഴിയ്ക്കാവുന്ന തുക 500-ൽ നിന്ന് 1500 ആയും സർക്കാർ ഗ്രാന്റ് 250 - ൽ നിന്ന് 525 ആയും ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>iii. ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഒരു രൂപ നിരക്കിൽ 7 കിലോ അരി (25% പച്ചരി), ബി.പി.എൽ. നിരക്കിൽ 3 കിലോ ഗോതമ്പ്, ബി.പി.എൽ നിരക്കിൽ 400 ഗ്രാം പഞ്ചസാര എന്നിവ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>iv. ഓർഫനേജുകളിലെ അർഹരായ മുഴുവൻ കുട്ടികൾക്കും പ്ലസ് വൺ പ്രവേശനം അവർ പഠിച്ചിരുന്ന സ്ഥാപനങ്ങളിൽ തന്നെ ലഭിയ്ക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.<br>v. ക്ഷേമ സ്ഥാപനങ്ങളിൽ മാസത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധനയ്ക്ക് മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് നിലവിൽ എത്ര ഓർഫനേജുകൾ പ്രവർത്തിക്കുന്നുവെന്നും ആയതിൽ എത്ര അംഗങ്ങൾ ഉണ്ടെന്നും വ്യക്തമാക്കുമോ ; | (ഇ) | സംസ്ഥാനത്തെ 1080 അനാഥാലയങ്ങളിലായി 40,000-ത്തോളം അംഗങ്ങളുണ്ട്. |
| (എഫ്) | ഓർഫനേജിലെ അന്തേവാസികളുടെ വിവാഹ ധനസഹായമായി ഇപ്പോൾ എന്ത് തുക നൽകിവരുന്നു; ആയത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എഫ്) | ഓർഫനേജിലെ അന്തേവാസികളുടെ വിവാഹ ധനസഹായമായി നിലവിൽ സാമ്പത്തിക സഹായം ഒന്നും നൽകുന്നില്ല. |
| (ജി) | ഓർഫനേജിലെ അന്തേവാസികളായി പഠിക്കുന്ന മിടുക്കരായ കുട്ടികളെ കണ്ടെത്താനും, അവരുടെകഴിവുകളെ പ്രോത്സാഹിപ്പിക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ജി) | പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ഓർഫനേജ് അന്തേവാസികൾക്ക് പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസം ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി പരിശോധിച്ചു വരുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ